## മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലിത്താ
## ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്തായിൽ നിന്നും

**സർക്കുലർ നമ്പർ 372**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്‌വ്*

കർത്താവിൽ പ്രിയരെ,

റൈറ്റ് റവ.ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പായെ 2020 ഏപ്രിൽ 1 മുതൽ റാന്നി–നിലയ്ക്കൽ ഭദ്രാസനത്തിന്റെ ചുമതലയിൽ നിയമിക്കുന്നതായും ഏപ്രിൽ 4 –ാം തീയതി കൊല്ലം സെന്റ് തോമസ് (തേവള്ളി) മാർത്തോമ്മാ പള്ളിയിൽ വച്ച് സഫ്രഗൻ മെത്രാപ്പോലിത്താ Installation Service നടത്തുന്നതായും സർക്കുലർ നമ്പർ 357 മുഖേന അറിയിച്ചിരുന്നുവല്ലോ. എന്നാൽ കോവിഡ്–19 നിയന്ത്രണങ്ങൾ മൂലം മുംബൈയിൽ നിന്നു യാത്രചെയ്തു വരുന്നതിനു തിരുമേനിക്കു സാധിക്കാതെയിരുന്നതിനാൽ ഭദ്രാസന ചുമതല ഏറ്റെടുക്കുന്നതിനും സഫ്രഗൻ മെത്രാപ്പോലിത്താ Installation Service നടത്തുന്നതിനും സാധിച്ചില്ല.

2020 ജൂലൈ 1 നു കൂടിയ എപ്പിസ്ക്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം 2020 ജൂലൈ 1 മുതൽ റൈറ്റ് റവ.ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പായെ റാന്നി–നിലയ്ക്കൽ ഭദ്രാസനത്തിന്റെ ചുമതലയിൽ നിയമിക്കുന്നു. തിരുമേനി റാന്നി വൈക്കം റ്റി.എം.എ. എം. മാർത്തോമ്മാ സെന്ററിൽ താമസിച്ചു ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. പുതിയ ക്രമീകരണം ഉണ്ടാകുന്നതുവരെ റാന്നി–നിലയ്ക്കൽ ഭദ്രാസന ചുമതലയോടൊപ്പം മുംബൈ ഭദ്രാസനത്തിന്റെ ചുമതലയും നിർവ്വഹിക്കുന്നതാണ്.

റൈറ്റ് റവ.ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പായുടെ സഫ്രഗൻ മെത്രാപ്പോലിത്താ Installation Service 2020 ജൂലൈ 12–ാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്ക് തിരുവല്ല പൂലാത്തീൻ ചാപ്പലിൽ വച്ച് വിശുദ്ധ കുർബ്ബാനയോടെ ആരംഭിക്കുന്നതാണ്. കോവിഡ്–19 പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാൽ ശുശ്രൂഷയിൽ നേരിട്ടു ആളുകൾക്കു പങ്കെടുക്കുന്നതിനു പരിമിതി ഉണ്ട്. ശുശ്രൂഷ സഭയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെയും (www.marthoma.in) സാമൂഹിക മാധ്യമങ്ങളിലൂടെയും സംപ്രേഷണം ചെയ്യുന്നതാണ്. ഈ മാധ്യമങ്ങളിലൂടെ ശുശ്രൂഷയിൽ ഏവരും പ്രാർത്ഥനാപൂർവ്വം സംബന്ധിക്കണമെന്നു ഉദ്ബോധിപ്പിക്കുന്നു.

പുതിയ ചുമതലയിൽ പ്രവേശിക്കുന്ന തിരുമേനിയുടെ ശുശ്രൂഷകൾ ഫലകരമാകുന്നതിനു പട്ടക്കാരും സഭാംഗങ്ങളും ആവശ്യമായ സഹകരണം നൽകണം. സമകാലിക സാഹചര്യങ്ങളും വെല്ലുവിളികളും മനസ്സിലാക്കി ദൈവരാജ്യ പ്രവർത്തനങ്ങളിൽ വിശ്വസ്ത കാര്യവിചാരകരായി വർത്തിക്കുവാൻ കർത്താവ് ഏവരെയും സഹായിക്കട്ടെ.

നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളോടേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2020 ജൂലൈ 1–ാം തീയതി,

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ**